"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ അരൂർ സ്വദേശി ശ്രീ. സരസന് ഭവന നിർമ്മാണ ധനസഹായത്തിന്റെ പലിശ ഒഴിവാക്കി മുതൽ മാത്രം തിരിച്ചടച്ച് കരാർ റദ്ദു ചെയ്തു കൊണ്ട് വീട് വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.586/2026/LSGD തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-
1. ശ്രീ.സരസൻ 10.11.2025 ൽ ബഹു. മുഖ്യമന്ത്രിക്കു സമർപ്പിച്ച നിവേദനം.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.01.2026 ലെ LSGD/PD/38716/2025-DPLC3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആലപ്പുഴ അരൂർ സ്വദേശി ശ്രീ സരസൻ, ഹൃദ്രോഗിയായ താനും രോഗിയായ മകളും അടങ്ങുന്ന കുടുംബത്തിന്റെ നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടും, ചികിത്സ ചെലവും കാരണം, അരൂർ ഗ്രാമപഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതി പ്രകാരം 2015-16 ൽ അനുവദിച്ചു കിട്ടിയ വീട് വിൽക്കേണ്ട അവസ്ഥയാണെന്നും, കരാർ റദ്ദു ചെയ്ത് വീട് വിൽക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം 1 പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2) അരൂർ ഗ്രാമപഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതി പ്രകാരം ശ്രീ. സരസന് വീടിനായി അനുവദിച്ച തുകയുടെ തിരിച്ചടവിൽ നിന്നും ടിയാനെ ഒഴിവാക്കി, കരാർ റദ്ദു ചെയ്ത് വീട് വിൽക്കുന്ന വിഷയത്തിൽ അപേക്ഷകന്റെ ആവശ്യം നീതിയുക്തമാണെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യപ്പെടുകയും, അതിന്റെ അടിസ്ഥാനത്തിൽ ടിയാനെ ധനസഹായ തുക തിരിച്ചടയ്ക്കുന്നതിൽ നിന്നും നിരുപാധികം ഒഴിവാക്കി കരാർ റദ്ദ് ചെയ്ത് വീടും സ്ഥലവും വിൽപ്പന നടത്തുന്നതിനുള്ള സർക്കാർ അനുമതി വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട് എന്നും, ടിയാന്റെ അപേക്ഷ പരിഗണിച്ച് അനുകൂല തീരുമാനമെടുക്കുന്നതിന് പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ അരൂർ സ്വദേശി ശ്രീ.

സരസന്, ഭവന നിർമ്മാണ ധനസഹായത്തിന്റെ പലിശ ഒഴിവാക്കി മുതൽ മാത്രം തിരിച്ചടച്ച് കരാർ റദ്ദുചെയ്തു കൊണ്ട് വീട് വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
സെക്രട്ടറി, അരൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. സരസൻ, S/o കളരിക്കൽ വീട്ടിൽ മാധവൻ, ചന്തിരൂർ P.O.PIN-688537
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 05-03-2026 15:56:47
സെക്ഷൻ ഓഫീസർ